**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5951      04/11/2016-ൽ മറുപടിയ്ക്ക്

**സ്കൂളുകളെ ആർട്സ്, സ്പോട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബാക്കിമാറ്റുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, വി.എസ്.ശിവകുമാർ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, കെ.സി.ജോസഫ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളെ ആർട്സ്, സ്പോട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബാക്കിമാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തിലെ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കായി കല, കായിക വിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതി യാണ് ആശ്വാസ്. ആർട്സ് ഹബ്, വർക്ക് സെന്റർ (പ്രവൃത്തി പരിചയം) സ്പോർട്സ് ഹബ് തുടങ്ങിയവ പ്രസ്തുത പദ്ധതിയുടെ വകഭേദങ്ങളാണ്. |
| (ബി) ഇതിനുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ, വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ് മുഖേന ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും, അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും, ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിത മാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും, ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്ന തിനും സ്പോർട്സ് ഹബ് സഹായിക്കു മെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്. |

| | |
|---|---|
| (സി) ഈ പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്; വിശദീകരിക്കുമോ? | (സി) 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 'ആശ്വാസ്' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ" എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

Sheela H

സെക്ഷൻ ഓഫീസർ